ആന്റ് ആഡിറ്റർ ജനറൽ രൂപം നൽകിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം ഈ ചെലവുകളെ "റവന്യൂ ഗ്രാന്റ്" ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തന്മൂലം ഓരോ വർഷവും നിയമസഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ റവന്യൂകമ്മി 1000 കോടിയോളം കണ്ട് വർദ്ധിക്കുന്നുണ്ട്.

18. കൂടെക്കൂടെ ബോധപൂർവ്വം ഉദ്ധരിക്കുന്ന ഈ കടത്തിന്റെ കണക്ക് നമുക്ക് ഇനി വിശദമായി പരിശോധിക്കാം. 1990-1995, 1995-2000 കാലഘട്ടങ്ങളിൽ കടത്തിന്റെ ശരാശരി വളർച്ചാനിരക്ക് 18 ശതമാനം ആയിരുന്നു എന്നതാണ് യാഥാർത്ഥ്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കടത്തിന്റെ വളർച്ചാനിരക്ക് ഈ ദശകത്തിൽ ഒരേപോലെ നിലനിന്നിരുന്നതായി കാണാം. 1994-95-ൽ കടത്തിന്റെ വളർച്ച 22.53 ശതമാനത്തിലേയ്ക്ക് ഉയർന്നു. ഇതിനെ 1996-97 ൽ 12.93 ശതമാനമായും 1997-98 ൽ 12.67 ശതമാനമായും താഴ്ത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നേരത്തെ വിവരിച്ച കാരണങ്ങളാൽ 1998-99-ൽ കൂടുതൽ കടമെടുക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. 31-3-2000 ആയപ്പോഴേയ്ക്കും കടം 20,176 കോടി രൂപയായി. ഈ പശ്ചാത്തലത്തിൽ വേണം കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഉദാഹരണമായി 400 കോടി രൂപ മിച്ചം വച്ചു കൊണ്ടാണ് ഖജാന കൈമാറിയതെന്ന രസകരമായ കഥയുടെ പൊരുൾ തേടേണ്ടത്. ഒന്നാമതായി, ഉദ്ധരിക്കപ്പെട്ട കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം ശരിയല്ല. എന്നാൽ ഈ അവകാശവാദത്തിലടങ്ങിയിരിക്കുന്ന വിരോധാഭാസം മനസ്സിലാക്കേണ്ടതുണ്ട്. ഒരു ഗവൺമെന്റിന്റെ കടം 15 മുതൽ 23 ശതമാനം വരെ വളർച്ചാനിരക്ക് രേഖപ്പെടുത്തുമ്പോൾ ട്രഷറിയിൽ മിച്ചമുണ്ടെന്ന് അവകാശപ്പെടുന്നതിന് അർത്ഥം അനാവശ്യമായി കടം വാങ്ങി ഒഴിവാക്കാമായിരുന്ന പലിശ ബാദ്ധ്യത വരുത്തിവെച്ചുവെന്നതാണ്. ഇത് കെടുകാര്യസ്ഥതയുടെ മകുടോദാഹരണമല്ലെങ്കിൽ മറ്റെന്താണ് ? നേരെമറിച്ച് ഈ ഗവൺമെന്റ് അടുത്തകാലത്തായി വാങ്ങിയ കടങ്ങളെല്ലാം തന്നെ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് അനായാസം വീട്ടിത്തീർക്കാവുന്ന ഹ്രസ്വകാല വായ്പകൾ മാത്രമായിരുന്ന് എന്നു കാണാം . ഇതു പോലും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി മാത്രമാണ് വാങ്ങിച്ചിട്ടുള്ളത്.

വികസനവും പദ്ധതി അടങ്കലും

19. സാമ്പത്തികമാന്ദ്യത്തിന്റെ ഈ കാലഘട്ടത്തിലും പദ്ധതിച്ചെലവുകൾ പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് നടത്തിയിട്ടുള്ള ശ്രമങ്ങളിലൂടെ പ്രകടമാകുന്നത് സംസ്ഥാന സർക്കാരിന്റെ വികസനത്തോടുള്ള പ്രതിബദ്ധതയാണ്. വർഷങ്ങളായി സംസ്ഥാനത്തിന്റെ കടബാദ്ധ്യത എങ്ങനെയാണ് ഇത്രയധികം ഉയർന്നത് എന്ന് പഠിക്കാൻ ശ്രമിക്കാതെ ഈ ഗവൺമെന്റ് വളരെയധികം കടബാദ്ധ്യത വരുത്തിവച്ചു എന്നതാണ് ഇക്കൂട്ടർ നടത്തുന്ന വ്യാജപ്രചരണം. യഥാർത്ഥത്തിൽ പദ്ധതിച്ചെലവുകൾ ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്ന് ഗവൺമെന്റിന് കരകയറാമായിരുന്നു. മാന്ദ്യത്തിന്റെ കാലഘട്ടത്തിൽ ഇതല്ലാതെ മറ്റ് പോംവഴിയില്ലെന്ന ന്യായത്തിന്റെ മറവിൽ അഭയം തേടാമായിരുന്നു. 1991-92 കാലഘട്ടത്തിൽ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ പദ്ധതി അടങ്കൽ 807 കോടി രൂപയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

623 കോടി രൂപയായി വെട്ടിച്ചുരുക്കിയിരുന്നു. തുടർന്ന് 92-93-ലും പദ്ധതി അടങ്കൽ 913 കോടിയിൽ നിന്ന് 807 കോടി രൂപയായി വെട്ടിച്ചുരുക്കുകയാണുണ്ടായത്. എന്നാൽ ഈ എളുപ്പവഴി ഒഴിവാക്കി വികസന പ്രക്രിയ പൂർത്തിയാക്കാൻ കഴിയുന്ന ശ്രമകരമായ പാത സ്വീകരിച്ചു എന്നുള്ളത് ഈ ഗവൺമെന്റിന് അഭിമാനിക്കാവുന്നതാണ്. പദ്ധതി അടങ്കൽ 1991-92-ൽ 623 കോടി രൂപയായിരുന്നത് 2001-2002-ൽ 3600 കോടി രൂപയായി ഉയർന്നു- പത്തുവർഷത്തിനുള്ളിൽ ആറ് മടങ്ങോളം വർദ്ധന. രാജ്യത്ത് പൊതുവെയും നമ്മുടെ കാർഷിക മേഖലയിൽ പ്രത്യേകിച്ചും നിലനിന്നിരുന്ന പ്രക്ഷുബ്ധമായ സാമ്പത്തിക മാന്ദ്യത്തിന്റെ നടുവിലും പദ്ധതിച്ചെലവുകൾ ചുരുക്കുക എന്ന എളുപ്പമാർഗ്ഗം അവലംബിക്കാതെ ഈ ഗവൺമെന്റ് പദ്ധതിച്ചെലവുകൾ പൂർത്തിയാക്കി എന്നത് തികച്ചും സംതൃപ്തിക്ക് വകനൽകുന്നു.

20. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച 1999-2000-ലെ പദ്ധതി അടങ്കൽ 3250 കോടി രൂപയായിരുന്നു. ഇതിൽ 2117 കോടി രൂപ കേന്ദ്രവിഹിതമായി ലഭിക്കുമെന്ന് പ്ലാനിംഗ് ബോർഡുമായി നടന്ന ചർച്ചയിൽ തീരുമാനിക്കപ്പെട്ടിരുന്നു. എന്നാൽ 2000 ജനുവരി ആയപ്പോൾ കേന്ദ്രസഹായത്തിൽ 531 കോടി രൂപയുടെ വെട്ടിക്കുറവു വരുത്തിയതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചു. എന്നാൽ ഇത്തരത്തിലുള്ള സാമ്പത്തിക ഞെരുക്കങ്ങൾ ഉണ്ടായിരുന്നിട്ടും പദ്ധതിച്ചെലവുകൾ അഭിമാനകരമായി പൂർത്തിയാക്കാനും കേന്ദ്രം വരുത്തിയ കുറവിന്റെ ആഘാതത്തെ അതിജീവിക്കാനും ഗവൺമെന്റിനു കഴിഞ്ഞു. ഇത് വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയെ വീണ്ടും ഉയർത്തിക്കാട്ടുന്ന നടപടിയാണ്.

21. ഒരു ചോദ്യത്തിന് മറുപടി കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. സംസ്ഥാന സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടോ? എങ്കിൽ അതിന് കാരണമെന്താണ്? നികുതി-നികുതിയേതര വരുമാനം, ധനകാര്യകമ്മീഷൻ അവാർഡു പ്രകാരമുള്ള കേന്ദ്രനികുതിവിഹിതം, കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടുന്ന വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവകൊണ്ടാണ് ഗവൺമെന്റ് അതിന്റെ ചെലവുകൾ നിർവ്വഹിക്കുന്നത്. പോരാതെ വരുന്ന തുകയ്ക്ക് വിവിധ സ്രോതസ്സുകളിൽനിന്നുള്ള കടമെടുപ്പിനെയാണ് അവലംബിക്കാറുള്ളത്. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് സംസ്ഥാന നികുതിവരുമാനത്തിൽ 1995-96-ൽ 21% വർദ്ധനയുണ്ടായിരുന്നത് 1996-97, 1997-98 എന്നീ വർഷങ്ങളിൽ 15% ആയി കുറയുകയും അതിനുശേഷം 1998-99-ൽ വെറും 3.3% ആയി കുത്തനെ കുറയുകയുമാണ് ചെയ്തത്. ഇത് 1999-2000 ൽ നേരിയ തോതിലുള്ള തിരുച്ചുവരവിന്റെ ലക്ഷണങ്ങൾ കാണിച്ച് കൊണ്ട് 11.7% ആയി ഉയർന്നു. സംസ്ഥാന ഗവൺമെന്റിന്റെ ബുദ്ധിമുട്ടുകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള നികുതി വിഹിത ഇനത്തിലും, ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിലുമുള്ള വർദ്ധനവിന്റെ തോത് വെറും 8.55% മാത്രമാണ്. പണപ്പെരുപ്പത്തിന്റെ തോത് കണക്കിലെടുക്കുമ്പോൾ യഥാർത്ഥ വരവിൽ വർദ്ധന ഉണ്ടായിട്ടില്ലെന്ന് കാണാം.

22. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ കാർഷികവിളകൾക്കുണ്ടായ വിലത്തകർച്ചയും സാമ്പത്തിക മാന്ദ്യവും എല്ലാം കൂടിച്ചേർന്ന് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ശ്രമകരമാക്കിത്തീർത്തു. കാർഷിക വിഭവങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിലത്തകർച്ച മാത്രം കണക്കാക്കിയാൽ 500 കോടി രൂപയുടെ നികുതി നഷ്ടം പ്രതിവർഷം സംസ്ഥാനത്തിനു സംഭവിച്ചു കൊണ്ടിരിക്കുന്നു. കർഷകരെ വിലത്തകർച്ചയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് ആകാവുന്ന ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവയെല്ലാം ഇവിടെ വിസ്തരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ആശ്വാസ നടപടികൾമൂലം ഗണ്യമായ റവന്യൂ നഷ്ടം സർക്കാരിന് ഉണ്ടായിട്ടുണ്ട്. തേയില, കാപ്പി, കുരുമുളക്, നാളികേരം തുടങ്ങിയ കാർഷിക വിളകൾക്ക് നികുതി സൗജന്യങ്ങൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴിയുള്ള റബ്ബർ സംഭരണംമൂലം നഷ്ടം നികത്തുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ട്. ഈ നടപടികളിലൂടെ കുറഞ്ഞത് 50 കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെതന്നെ വിൽകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ വ്യവസായ നയത്തിനനുസൃതമായി പ്രതിവർഷം 50 കോടിയിലേറെ സൗജന്യങ്ങൾ ഈ മേഖലയ്ക്കും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ പൊതുവിതരണ നയംമൂലം ഗണ്യമായ ഒരു വിഭാഗം സ്റ്റാറ്റ്യൂട്ടറി റേഷനിംഗിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ വഴിയുള്ള ധാന്യവിതരണത്തിൽ വന്ന കുറവുമൂലമുള്ള നികുതി നഷ്ടം ഏകദേശം 12 മുതൽ 15 കോടിയോളം വരും. സിമന്റ്, ഉരുക്ക്, റബ്ബർ, ന്യൂസ് പ്രിന്റ് എന്നിവയുടെ വിൽപ്പന കുറഞ്ഞതുമൂലം വർഷതോറും 100 കോടി രൂപയുടെ വിൽപ്പന നികുതി നഷ്ടം ഗവൺമെന്റിന് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

11-ാം ധനകാര്യ കമ്മീഷൻ അവാർഡും കേരളവും

23. പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം കേന്ദ്ര നികുതിയിൽ നിന്നുള്ള സംസ്ഥാന വിഹിതം 1995-2000 കാലഘട്ടത്തിൽ 3.859 ശതമാനം ആയിരുന്നത് 3.057 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അതുപോലെ വിവേചന സഹായം (Discretionary Grant) 2.49 ശതമാനം ആയിരുന്നത് 1.39 ശതമാനമായി കുത്തനെ വെട്ടിക്കുറച്ചു. ഇപ്രകാരം കേന്ദ്രം സംസ്ഥാനങ്ങൾക്കു വീതിക്കുന്ന മൊത്തം തുകയായ 4,34,905 കോടി രൂപയിൽ കേരളത്തിന്റെ വിഹിതം 12,316.72 കോടി രൂപ അതായത് മൊത്തം തുകയുടെ 2.83 ശതമാനം മാത്രമാണ്. ഇങ്ങനെ 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2000-2005 കാലഘട്ടത്തിൽ 3664 കോടി രൂപയുടെ വരുമാന നഷ്ടം സംഭവിക്കും. ഇതിൽനിന്നും ഒരുകാര്യം നമുക്കു മനസ്സിലാക്കാം. ഇൻഡ്യാ ഗവൺമെന്റിന്റെ വരുമാനം 11-ാം ധനകാര്യ കമ്മീഷൻ പ്രവചിച്ച നിലയിലാണെങ്കിൽ , സംസ്ഥാനസർക്കാരിന് ഓരോ മാസവും ശരാശരി 60 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നതാണ്. ഈ വെട്ടിക്കുറവിന്റെ ആഘാതം ഈ വർഷം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. വരും വർഷങ്ങളിൽ നാം പ്രതീക്ഷിക്കുന്നതുപോലെ കാർഷിക മേഖലയിൽ പുരോഗതി ലഭ്യമാവുന്നില്ലെങ്കിൽ അനിതര സാധാരണമായ തീവ്രശ്രമത്തിലൂടെ ഈ വിടവ് നികത്തുന്നതിന് നമുക്ക് കഴിയുമാറാകട്ടെയെന്നു ആശിക്കുക മാത്രമേ ഇപ്പോൾ വഴിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

there was a surplus of over Rs. 400 cr. in the treasuries. Firstly the figures touted out are not true as is seen from the reports of the Accountant General. But there is a more ironic side to this claim. When a Government resorts to borrowing, increasing at levels of 15-23% , any surplus in the treasuries means, that Government has unncessarily borrowed excessively - thereby incurring avoidable interest cost . It would be a clear case of imprudent financial management! On the other hand, the borrowing that I have resorted to is largely made of shortterm borrowings, which can be easily discharged once the revenue collection improves- and that too I have taken recourse to debt solely for financing development expenditure of the State.

DEVELOPMENT AND PLAN OUTLAY

19. The State Government's commitment to development is best reflected inthe efforts it has made to sustain plan expenditure through these recessionary years. The misinformation spread about the State government's debt is that Government has incurred inordinate levels of debt, without bothering to study how the pattern of debt has grown over the years. In fact, the State Government had an easy option out of the financial difficulties by cuttiing down drastically on plan expenditure. It could have easily taken shelter under the argument that the recession left very little option for it. In fact in 1991-92, the original plan outlay was scaled down from Rs. 807 cr. to Rs. 623 cr. In the following year- 1992-93, again the plan outlay was reduced from Rs. 913 cr. to Rs. 807 cr. in the wake of financial difficulties. However, it goes to the credit of this Government that it avoided the easy path and chose to tread on the more difficult path of sustaining development efforts. The final plan oulay, which was Rs. 623 cr. in 1991-92 has increased to Rs. 3600 cr. in 2001-02- nearly six fold increase over ten years. It is a matter of great statisfaction for the Government that it has steered plan expenditure through the turbulent financial situation that prevailed in the country and more specifically that state of our agricultural economy-without resorting to easy remedies and squeezing the plan expenditure.

20. In 1999-2000, the plan outlay approved by the Planning Commission was Rs. 3250 cr. out of which Rs. 2117 was the expected receipts from Government of India as decided in the discussion with Planning Commission. In the month of January 2000,

LIBRARY ARCHIVES Kerala Legislative Assembly

the State Government was informed of a drastic reduction of Rs. 531 cr. However, not withstanding the constraints, Government was able to creditably achieve the plan expenditure and was able to contain the shock of this reduction. This again brings us to the assertion that Government's commitment to meeting its development target has been most commendable.

21. Let me sum up by answering a crucial question now? Is the state experiencing financial difficulty and if so what is the reason for it? Government meets its expenditure from its own tax and non-tax revenues, share of central taxes under the Finance Commission Award, grants in aid received from Government of India and then relies on borrowing from various sources to cover the balance. On account of the recession in the economy, tax revenues of the State which showed an increase of 21% in 1995-96, dropped to 15% in 1996-97 and 1997-98 and then nosedived to 3.3% in 1998-99. It showed weak signs of recovery in 1999-2000 and picked up to 11.7% . To add to these difficulties, over the last five years, receipts from Government of India, both on account of share of central taxes and grants in aid, have grown at 8.55% only-which, once inflation is allowed for-means that inflows from Government of India is stagnating in real terms.

22. As was mentioned earlier, the steep slump in agricultural prices coupled with the general economic recession compounded the challenges in the path of Government. The total tax loss on account of fall in agricultural prices alone is estimated to be Rs. 500 cr. annually. This Government had, as is expected of it, stepped in to extend support to the farmers, in various means. While it is not my intention to recount all of them here, it would be my duty to point out that many of these measures had significant revenue implications. Tax concessions have been offered specifically for tea, coffee, pepper, coconut and for the procurement of rubber by the State Trading Corporation (STC). These would additionally amount to Rs. 50 cr. annually. Similarly, to encourage large and medium scale industries, as per the industrial policy of Government, tax concessions for approximately Rs. 50 cr.have been given annually. The new public distribution policy of Government of India has driven a lot of poor out of the ration system. Sales tax income from the Food Corporation of India has fallen by Rs. 12 to 15 cr. The annual fall in State's revenues on account of fall in sale of cement, rubber, steel and newsprint alone is estimated to be Rs. 100 cr.

LIBRARY ARCHIVES Kerala Legislative Assembly